(എഫ്) 2010 ജൂലൈ 17-ന് കൂടിയ ഡി.റ്റി.പി.സി നിർവ്വാഹക സമിതി യോഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചിട്ടുണ്ട്.

ഡി.റ്റി.പി.സി.യുടെ പ്രവർത്തനം

87 (6005) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.റ്റി.പി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാരമേഖലയിൽ വൈദഗ്ധ്യമുള്ളവരെ ഡി.റ്റി.പി.സി. സെക്രട്ടറിമാരാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഡി.റ്റി.പി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിവരുന്നു. കൂടാതെ ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ മീറ്റിംഗ് ഇടയ്ക്കിടെ ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വിനോദസഞ്ചാര മേഖലയിലുള്ള വൈദഗ്ധ്യം കൂടി പരിഗണിച്ചാണ് ഡി.റ്റി.പി.സി സെക്രട്ടറിമാരെ നിയമിക്കുന്നത്.

ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമനം

88 (6006) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.റ്റി.പി.സി. സെക്രട്ടറിമാരെ നിയമിക്കുന്നതിന് പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രകാരം എത്ര ജില്ലകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.റ്റി.പി.സി. കൾക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിലവിൽ ഡി.റ്റി.പി.സി.കളുടെ സാമ്പത്തിക നില ഭദ്രമാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ മേൽനോട്ടം ഡി.റ്റി.പി.സി.കളെ ഏൽപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly